# നബിﷺയുടെ പ്രവൃത്തികൾ

**ഗ്രന്ഥകർത്താവ്:** ശൈഖ് ഫൈസൽ ഇബ്ൻ അലി അൽ ബുഅ്ദാനി
**ഗ്രന്ഥം:** الإتباع على ضوع الوحيين
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

ഇത്തിബാഅ് ചെയ്യപ്പെടുന്ന വിഷയത്തിൽ നബിﷺയുടെ പ്രവൃത്തികൾ മൂന്നായി വിഭജിക്കപ്പെടും അവ:-

**ഒന്ന്- അൽ അഫ്ആലുൽ ജിബില്ലിയ (الأفعال الجبلية)**

നിൽക്കുക, ഇരിക്കുക, കുടിക്കുക, ഉറങ്ങുക എന്നു തുടങ്ങിയ പ്രവൃത്തികളാണ് അൽ അഫ്ആലുൽ ജിബില്ലിയ (നൈസർഗ്ഗിക പ്രവൃത്തികൾ). അനുധാവനം ചെയ്യപ്പെടുന്ന വിഷയത്തിൽ അവ രണ്ട് ഇനങ്ങളാണ്.

1. നബിﷺയുടെ ഇത്തരം പ്രവൃത്തികൾക്കപ്പുറം ആ പ്രവൃത്തികൾ നിർബന്ധമെന്നോ സുന്നത്തെന്നോ അറിയിക്കുന്ന മറ്റൊരു പ്രമാണം വന്നവ. വലതു കൈകൊണ്ട് തിന്നുക, ഇരുന്ന് മൂന്നിറക്കായി കുടിക്കുക, വലത് ഭാഗം വെച്ച് ഉറങ്ങാൻ കിടക്കുക... പോലുള്ളത്. ഇവിടെ അനുധാവനം മതപരമാക്കിയിരിക്കുന്നു.
2. നബിﷺയുടെ പ്രവൃത്തികൾക്കപ്പുറം അവ മതകീയമാണെന്നറിയിക്കുന്ന തെളിവ് വന്നിട്ടില്ല. അത്തരം പ്രവൃത്തികൾ മൊത്തത്തിൽ എല്ലാവർക്കും അനുവദനീയമെന്ന അടിസ്ഥാനത്തിൽ പരിമിതമാണ്.

ഇമാം ശാത്വിബി رحمه الله പറയുന്നു: "കാരണം അന്നപാനീയത്തോടുള്ള ഇഷ്ടം പോലുള്ള നൈസർഗ്ഗികമായി മനുഷ്യരിൽ ഊട്ടപ്പെട്ട പ്രത്യേകതകൾ അവരിൽനിന്നും എടുത്ത് മാറ്റാനോ, പ്രകൃത്യാ ഊട്ടപ്പെട്ടതിനെ നീക്കിമാറ്റാനോ ആവശ്യപ്പെടാവതല്ല."[1]

ബാഹ്യമായ തെളിവുകൾ സുന്നത്താണെന്ന് വിളിച്ചറിയിക്കാത്ത ഇത്തരം പ്രവൃത്തികളെ അനുധാവനം ചെയ്യുന്നതിൽ മതപരമായ വിധിയെന്ത് എന്നതിൽ പണ്ഡിതന്മാർക്ക് രണ്ടഭിപ്രായമാണ്:

1) ഇത്തരം പ്രവൃത്തികൾ അനുധാവനം ചെയ്യൽ സുന്നത്താണ്. അബദുല്ലാഹിബ്നു ഉമർ رضي الله عنه ഇത്തരം പ്രവൃത്തികൾ പ്രാവർത്തികമാക്കാറുണ്ടായിരുന്നു. നബിﷺ ആ പ്രവൃത്തി യാദൃശ്ചികമായി ചെയ്തതാണെങ്കിലും ശരി.

[1] ഇമാം ശാത്വിബി, അൽ മുവാഫഖാത്ത് 2:108

2) അൽഅഫ്ആലുൽ ജിബില്ലയിൽ മറ്റൊരു തെളിവ് ഇല്ലാത്തിടത്തോളം കാലം അതിൽ അനുധാവനം ചെയ്യൽ മതം നിയമമാക്കിയിട്ടില്ല. ഭൂരിപക്ഷം സ്വഹാബികളുടെ വാക്കുകളും പ്രവൃത്തികളും ഇതാണ്. ഉമർﷺവും ആയിശﷺയും അവരിൽപ്പെടും.[2]

ഇത്തരം അഫ്ആലുൽ ജിബില്ലയിൽ നബിﷺ നാട്ടുനടപ്പനുസരിച്ചും നാട്ടുസമ്പ്രദായ മനുസരിച്ചും പ്രവർത്തിച്ചവ ഉൾപ്പെടും. ജുബ്ബധരിക്കുക തലപ്പാവ് ധരിക്കുക, മുടി നീട്ടി വളർത്തുക പോലുള്ളതെല്ലാം ഇതിന്ന് ഉദാഹരണങ്ങളാണ്. അവിടെയെല്ലാം അവകൾ അനുവദനീയമെന്നല്ലാതെ മറ്റൊന്നും അറിയിക്കുന്നില്ല. ആ പ്രവൃത്തിക്കപ്പുറം അവ മതപരമാണെന്നറിയിക്കുന്ന തെളിവ് വരാത്തിടത്തോളം കാലം. [3]

### രണ്ട്- നബിﷺക്ക് പ്രത്യേകമാണെന്നറിയിക്കപ്പെട്ട പ്രവൃത്തികൾ

പ്രവാചകൻﷺക്ക് പ്രത്യേകമാണെന്ന തലകെട്ടിന് താഴെ അനുവദനീയവും നിർബന്ധവും നിഷിദ്ധവുമായ ചില കാര്യങ്ങൾ പണ്ഢിതർ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അവയിൽ ചിലതെല്ലാം പ്രവാചകൻﷺക്ക് പ്രത്യേകമാണെന്നതിൽ പണ്ഢിതർക്ക് ഏകാഭിപ്രായവും മറ്റു ചിലത് പ്രവാചകൻﷺക്ക് പ്രത്യേകമാണോ എന്നതിൽ ഭിന്നതയും നിലനിൽക്കുന്നുണ്ട്.- അത് ഇവിടെ അപഗ്രഥിച്ച് പരത്തിപ്പറയുന്നില്ല.

**പ്രവാചകൻﷺക്ക് പ്രത്യേകമെന്ന് പറയപ്പെട്ടതിൽ അനുവദനീയമായവക്ക് ഉദാഹരണങ്ങൾ:**

- നാലിലധികം സ്ത്രീകളെ ഒരേസമയത്ത് വിവാഹം കഴിക്കുക.
- മഹ്റ് ഇല്ലാതെ വിവാഹം കഴിക്കൽ.
- ഒരു സ്ത്രീ സ്വദേഹത്തെ പ്രവാചകൻﷺക്ക് വിവാഹം കഴിക്കാൻ ദാനം ചെയ്യുന്നുവെങ്കിൽ അവളെ വിവാഹം കഴിക്കൽ.

**പ്രവാചകൻﷺക്ക് പ്രത്യേകമെന്ന് പറയപ്പെട്ടതിൽ നിർബന്ധമായവക്ക് ഉദാഹരണം:**

- രാത്രി നമസ്ക്കാരം (തഹജ്ജുദ് )

**പ്രവാചകൻﷺക്ക് പ്രത്യേകമെന്ന് പറയപ്പെട്ടതിൽ നിഷിദ്ധമായവക്ക് ഉദാഹരണങ്ങൾ:**

- നബികുടുംബത്തിൽപ്പെട്ടവർക്ക് സക്കാത്ത് മുതൽ നിഷിദ്ധമെന്ന് പറഞ്ഞ് അവരെ അതിൽനിന്നും തടഞ്ഞത്.
- സക്കാത്ത് മുതൽ തിന്നൽ.
- ഉള്ളി, വെള്ളുള്ളി പോലുള്ള ദുർഗന്ധമുള്ളവ തിന്നൽ.

---

[2] ഇബ്നുതൈമിയ്യ, അത്തവസ്സുലു വൽ വസീല പേജ് 105, 106 മജ്മൂഉൽ ഫതാവാ10:409 ഇമാം ആമിദി, അൽഇഹ്കാം 1:227-228 (ഇബ്നു ഉമർﷺവിന്റെ ഇത്തരം പ്രവർത്തികൾ ഇമാം ഇബ്നു ബത്വയുടെ അൽഇബാനത്തുൽ കുബ്റ 1:240-245ൽ നോക്കുക.

[3] ഡോ. ഉമറുൽ അഷ്കർ, അഫ്ആലുന്നബിയ്യ് 1:235-236

ഈ പറയപ്പെട്ട പ്രത്യേകതകളിൽ ആരും നബിﷺയോട് പങ്കാളികളാകാവതല്ല. അതിൽ അനുധാവനം ഇല്ല.[4] ഇമാം ശൗകാനിؒ പറഞ്ഞു: "യഥാർത്ഥത്തിൽ, പ്രവാചകൻ ﷺ തനിക്ക് പ്രത്യേകമാണെന്ന് നമ്മോട് തുറന്ന് പറഞ്ഞതിൽ ആരുമേ അദ്ദേഹത്തെ പിൻപറ്റാവതല്ല. പ്രസ്തുത പ്രവൃത്തി ഏതായാലും ശരി, നമുക്കത് ബാധകമാണെന്നറിയിക്കുന്ന മതവിധിയുണ്ടങ്കിലല്ലാതെ." [5]

ഈ ഗണത്തിൽ കൂട്ടിവായിക്കേണ്ടവയിൽപ്പെട്ടതാണ്; പ്രവാചകൻﷺ ചില സ്വഹാബികളെ ചിലരേക്കാൾ ചില വിഷയങ്ങളിൽ പ്രത്യേകമാക്കിയത്. ഉദാ:- ഖുസൈമാؓവിൻെറ സാക്ഷ്യം പ്രവാചകൻﷺ രണ്ട് വ്യക്തികളുടെ സാക്ഷ്യത്തിന് തുല്യമാക്കിയത്. മറ്റൊന്ന്, അബൂബുർദؓ ആറുമാസം പ്രായമായ കോലാടിനെ[6] (ഉദ്ഹിയത്ത്) അറുത്തപ്പോൾ നബി ﷺ അദ്ദേഹത്തോട് പറഞ്ഞു :

اِذْبَحْهَا وَلَنْ تَصْلُحَ لِغَيْرِكَ

''നിങ്ങൾ അതിനെ അറുത്തുകൊള്ളുക, നിങ്ങളല്ലാത്തവർക്ക് അത് പാടില്ല''.[7]

**മൂന്ന്. അൽ അഫ്ആൽ അത്തഅബ്ബുദിയ്യഃ (الأفعال التعبدية)**

നബിﷺക്ക് ജിബില്ലിയ്യത്ത് അല്ലാത്തതും, പ്രത്യേകമാണെന്നറിയിക്കപ്പെടാത്തതും ജനങ്ങൾക്ക് മതമെന്ന് വിവക്ഷിക്കപ്പെടുന്നതുമായ പ്രവൃത്തികളാണ് തഅബ്ബുദിയായ (ആരാധനയായ) പ്രവൃത്തികൾ. അവകളിൽ നബിﷺയെ അനുധാവനം ചെയ്യലും മാതൃകയുൾകൊള്ളലും കൽപ്പിക്കപ്പെട്ടതാണ്. നബിﷺ തങ്ങളുടെ പ്രവർത്തനങ്ങളിൽ അടിസ്ഥാനം അവകളാണ്. അല്ലാഹുﷻ പറഞ്ഞു :

﴿ لَّقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ ﴾

" തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്....." (വി.ഖു. 33:21)

എന്നാൽ മതപരമായ അവയുടെ സ്വഭാവങ്ങൾ തെളിവുകൾക്കനുസരിച്ച് നിർബന്ധം, സുന്നത്ത് എന്നിങ്ങനെ വ്യത്യാസപ്പെടുന്നതാണ്.

---

[4] ഇമാം ആമിദി, അൽ ഇഹ്കാം 1:228

[5] ഇമാം ശൗകാനി, ഇർശാദുൽ ഫുഹൂൽ 1:228

[6] ഉദ്ഹിയ്യതിൽ കോലാടിന് ഒരു വയസ്സ് തികയണം. (വിവ:)

[7] സ്വഹീഹുൽ ബുഖാരി :2807, 5556. ഇമാം ശാത്വിബി, അൽ മുവാഫഖാത്ത് 2:245-246